ഇങ്ങനെ ഒരു പ്രത്യേക പ്രദേശത്തെ വിളകൾ തെരഞ്ഞെടുത്ത് അവയുടെ ഉല്പാദനം മുതൽ കയറ്റുമതി വരെയുള്ള കാര്യങ്ങൾ ഏകോപിച്ചുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അടുത്തടുത്ത് സ്ഥിതിചെയ്യുന്നതും മറ്റ് സൗകര്യങ്ങളും പരിഗണിച്ചാണ് കേരളത്തിൽ പഴം, പച്ചക്കറികൾക്ക് വേണ്ടി കാർഷിക കയറ്റുമതി മേഖല തിരുവനന്തപുരം മുതൽ പാലക്കാട് വരെയുള്ള ഒൻപത് ജില്ലകളെ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

കേന്ദ്ര സർക്കാർ സംസ്ഥാനത്തിനനുവദിച്ച ആദ്യത്തെ കയറ്റുമതി മേഖലയാണ് പഴം, പച്ചക്കറി കയറ്റുമതി മേഖല. മുകളിൽ പറഞ്ഞ നിബന്ധനകൾ അനുസരിച്ച് സംസ്ഥാനത്തെ മറ്റ് ജില്ലകളെ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞില്ല.

(ഡി) ഇപ്പോൾ അനുവദിച്ച പഴം, പച്ചക്കറി കയറ്റുമതി മേഖലയിൽ മലബാർ മേഖലയെ ഉൾക്കൊള്ളിച്ചിട്ടില്ലെങ്കിലും സംസ്ഥാനത്ത് പുഷ്പകൃഷി, ഔഷധസസ്യങ്ങൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയ്ക്കുവേണ്ടി കാർഷിക കയറ്റുമതി മേഖലകൾ സ്ഥാപിക്കുവാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവ രൂപീകരിക്കുമ്പോൾ മലബാർ മേഖലയെകൂടി ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതാണ്.

ബസുമതി നെൽ കർഷകർക്ക് പ്രോത്സാഹനം

6 (*692) ശ്രീ. എ. കെ. മണി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബസുമതി നെല്ല് എവിടെയെല്ലാം കൃഷി ചെയ്യുന്നു ;

(ബി) അതിന്റെ ഉൽപ്പാദനക്ഷമത എത്രയാണ് ;

(സി) ബസുമതി നെൽകൃഷി കർഷകർക്ക് ലാഭകരമാണോ ;

(ഡി) എങ്കിൽ അതിനുവേണ്ട പ്രോത്സാഹനം നൽകുമോ എന്ന് വ്യക്തമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) വയനാട് ജില്ലയിൽ 12 ഹെക്ടർ സ്ഥലത്ത് ബസുമതി നെല്ല് കൃഷി ചെയ്യുന്നുണ്ട്.

(ബി) ബസുമതി നെല്ലിന്റെ ഉൽപാദനക്ഷമത ഒരു ഹെക്ടറിൽ 1.5-2 ടൺ ആണ്.

(സി&ഡി) ബസുമതി നെല്ല് സംസ്ക്കരിച്ച് അരിയാക്കുന്നതിന് അതാതു സ്ഥലത്ത് സംസ്ക്കരണ യൂണിറ്റുകൾ ഇപ്പോൾ നിലവിലില്ല. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ കീഴിലുള്ള പന്തളം ഹെർബൽ ഗാർഡൻസിൽ ഉള്ള ഏക

LIBRARY ARCHIVES Kerala Legislative Assembly

സംസ്ക്കരണ യൂണിറ്റിൽ ഇപ്പോൾ ബസുമതി നെല്ല് സംസ്ക്കരിക്കുന്നുണ്ട്. വയനാട്ടിലും മറ്റു ദൂരസ്ഥലങ്ങളിലും ഉല്പാദിപ്പിക്കുന്ന ബസുമതി നെല്ല് ഈ യൂണിറ്റിൽ കൊണ്ടുവന്ന് സംസ്ക്കരിക്കുന്നത് പ്രയോഗികമല്ല. തന്നെയുമല്ല ബസുമതി ഇനങ്ങൾ നല്ലവിളവ് തരുമെങ്കിലും നമ്മുടെ കാലാവസ്ഥയിൽ അരിയുടെ നിലവാരം വ്യക്തമായിട്ടില്ലാത്തതിനാലും പേറ്റന്റ് നിയമമനുസരിച്ച് അവ "ബസുമതി" കൃഷിയായി കണക്കാക്കാൻ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാമെന്നതിനാലും "ബസുമതി" കൃഷിയേക്കാൾ നല്ലത് നമ്മുടെ തന്നെ പരമ്പരാഗത സുഗന്ധനെല്ലിനങ്ങളായ കായമ/ജീരകശാല/ഗന്ധകശാല എന്നിവയ്ക്ക് മുൻതൂക്കം നൽകുന്നതാകും അഭികാമ്യമെന്ന് കേരള കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

ഗ്രീനിംഗ് ദി സ്റ്റേറ്റ് പദ്ധതി

7 (*693) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രീനിംഗ് ദി സ്റ്റേറ്റ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതി മുഖേന എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഈ പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി ; ഓരോ ജില്ലയിലും ഇതിനുവേണ്ടി എന്തു തുക വീതം ചെലവാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ഏതെല്ലാം സംഘടനകളുടെ പങ്കാളിത്തം നാളിതുവരെ ഉറപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി എത്രകാലം കൊണ്ട് പൂർണ്ണമാക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഉണ്ട്. വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസം, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടേയും എൻ. എസ്.എസ്. വോളണ്ടിയർമാരുടേയും, മറ്റ് സന്നദ്ധ സംഘടനകളുടേയും, പൊതുജനങ്ങളുടേയും സമ്പൂർണ്ണ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടേയും സ്റ്റേറ്റ് ഹൈവേകളുടേയും ഇരുവശങ്ങളിലും, മറ്റ് തരിശുഭൂമികളിലും ഗവൺമെന്റ് - ഗവൺമെന്റിതര സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും മരം വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'ഹരിതോൽസവം' (Greening the State Programme) എന്ന പേരിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന തൈകളുടെ സംരക്ഷണം, വനം വകുപ്പിന്റെ സഹകരണത്തോടുകൂടി സന്നദ്ധ സംഘടനകളേയും, എൻ. എസ്. എസ് വോളന്റിയർമാരെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത പരിപാടിയുടെ ഭാഗമായി 2003-2004 വർഷത്തിൽ നടുന്നതിനായി റോഡ് സൈഡിൽ

LIBRARY ARCHIVES Kerala Legislative Assembly